"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള റവന്യൂ റിക്കവറി (ഭേദഗതി) നിയമം, 2024 പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.2112/2024/RD തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-
1. 27.03.2023 തീയതിയിലെ റവ-എച്ച്3/295/2018/റവ നമ്പർ സർക്കാർ കത്ത്.
2. 06.11.2023 തീയതിയിലെ റവ-എച്ച്3/196/2023/റവ നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

ബാങ്ക് വായ്പാകുടിശ്ശികകൾക്ക് സർക്കാർ ഗഡുക്കൾ അനുവദിക്കുന്നതിനെതിരെ HDFC ബാങ്ക് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 24799/2018 നമ്പർ കേസിലെ 09/08/2019 -ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ Nationalised/Scheduled/Commercial ബാങ്കുകളുടെ റവന്യൂ റിക്കവറി കേസുകളിൽ നിയമഭേദഗതി വരുന്നതുവരെ ഗഡുക്കൾ അനുവദിക്കേണ്ടതില്ല എന്ന് പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കുടിശ്ശിക തുക ഗഡുക്കളായി അടയ്ക്കുവാൻ കുടിശ്ശികക്കാരന് അനുമതി നൽകാൻ സർക്കാരിന് കഴിയാത്ത സാഹചര്യത്തിൽ ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് സാവകാശം/മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് ഉചിതമായിരിക്കുമെന്ന ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കേരള ബാങ്ക് ഒഴികെയുള്ള Nationalised/Scheduled/Commercial ബാങ്കുകളുടെ റവന്യൂ റിക്കവറി നടപടികൾ കേരള റവന്യൂ റിക്കവറി (ഭേദഗതി) നിയമം നിലവിൽ വരുന്നത് വരെ നിർത്തി വയ്ക്കുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2) 26.07.2024 ൽ കേരള റവന്യൂ റിക്കവറി (ഭേദഗതി) നിയമം, 2024 നിലവിൽ വന്ന സാഹചര്യത്തിലും, പ്രസ്തുത നിയമത്തിൽ തവണ അനുവദിക്കുന്നതിനും ജപ്തി നടപടികൾ നീട്ടിവയ്ക്കുന്നതിനും മൊറട്ടോറിയം അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും സർക്കാർ മേൽ നിർദ്ദേശങ്ങൾ പുന:പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച കത്തിലെ നിർദ്ദേശം പിൻവലിക്കുന്നു.

ii) 2024 ജൂലൈ മാസം ഉണ്ടായ ഉരുൾപൊട്ടൽ നാശം വിതച്ച വയനാട് ജില്ലയിലെ ചൂരൽമല ഉൾപ്പെടുന്ന വൈത്തിരി താലൂക്കിലെ വായ്പകൾ, കുടിശ്ശികകൾ എന്നിവയിന്മേൽ കേരള റവന്യൂ റിക്കവറി നിയമ പ്രകാരമുള്ള എല്ലാ ജപ്തി നടപടികളും ഇനി ഒരു അറിയിപ്പുണ്ടാകുന്നതു വരെ നിർത്തിവയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്നേഹലത കെ

ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (അറിവിലേയ്ക്കായി)
2. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3.എല്ലാ ജില്ലാ കളക്ടർമാർക്കും (എല്ലാ അർത്ഥനാധികാരികളെയും അറിയിക്കുന്നതിനായി കൂടി)
4. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, തിരുവനന്തപുരം
5.പൊതുജന സമ്പർക്ക വകുപ്പ്(Web&New Media)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 03-09-2024 18:20:25

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (എസ്) വകുപ്പ്